ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ പാലം നിർമ്മാണത്തിനായി തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിശദമായ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) 4 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്.

(ഡി) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം പുനർ ഭരണാനുമതി ആവശ്യമെങ്കിൽ അത് നൽകുന്നതാണ്.

നെയ്യാറിൻകര സബ് ഡിവിഷന്റെയും കാഞ്ഞിരംകുളം സെക്ഷന്റെയും കീഴിൽ വരുന്ന റോഡുകളുടെ

40 [2343] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പി. ഡബ്ല്യു. ഡി. നെയ്യാറിൻകര സബ് ഡിവിഷന്റെയും കാഞ്ഞിരംകുളം സെക്ഷന്റെയും കീഴിൽ വരുന്ന ഉച്ചക്കട-സിസിലിപുരം-ചാവടിനട റോഡും കണ്ണാവിള-മണ്ണക്കല്ല് മന്നോട്ടുകോണം-നന്നംകുഴി റോഡും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളും എന്നത്തേക്ക് പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആൻഡ് ബി) ടി പ്രവൃത്തികളുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഉൾപ്പെടെ ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് യോഗ്യമായ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതാണ്.

ചേർപ്പ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന നിർമ്മാണ ജോലികൾ

41 [2344] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ എത്ര റോഡുകളുടെ നിർമ്മാണ ജോലികൾ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) 2005-06 വർഷത്തെ ബഡ്ജറ്റിൽ എത്ര റോഡുകളുടെ പുനരുദ്ധാരണ ജോലികൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) പുള്ള-മനക്കൊടി റോഡ് (രണ്ടാം ഭാഗം), കോടനാർ-നെടുപുഴ പടിഞ്ഞാറേക്കോട്ട (രണ്ടാം ഭാഗം), പുച്ചുണ്ണിപ്പാടം-ചാത്തക്കുടം-എറവക്കാട് റോഡ്, കണിമംഗലം-നെടുപുഴ റോഡ്, ചിയ്യാരം-കോൺവെന്റ് റോഡ് തുടങ്ങിയ റോഡുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly